(ബി) പ്രതികളെപ്പറ്റി എന്തെങ്കിലും സൂചന ലഭിച്ചിട്ടുണ്ടോ ;

(സി) കേസന്വേഷണം വൈകിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച കേസ് ക്രൈം. നം. 118/സിആർ/01 ആയി 27-4-2001 മുതൽ കോഴിക്കോട് ക്രൈംബ്രാഞ്ച് എസ്. ഐ. ജി. 111-ൽ അന്വേഷിച്ചിട്ടുള്ളതാണ്. 9-10-2002-ൽ കേസ് സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) കേസന്വേഷണം സി.ബി.ഐ.യാണ് നടത്തുന്നത്.

വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷണ നടപടിക്ക് വിധേയരായ ജീവനക്കാർ

48 (2164) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഴിമതി നടത്തിയതിന്റെ പേരിൽ വിജിലൻസ് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവർ ഏതെല്ലാം വകുപ്പുകളിൽപ്പെട്ടവരാണ് എന്നും ഏതെല്ലാം റാങ്കുകളിൽ ഉള്ളവരാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

ഹൗസിംഗ് ഫെഡറേഷന്റെ ഭൂമി വില കുറച്ച് വിറ്റത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം

49 (2165) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷന്റെ ഉടമസ്ഥതയിൽ എറണാകുളം എളമക്കരയിൽ ഉണ്ടായിരുന്ന ഭൂമി വിലകുറച്ച് ചില സ്വകാര്യ വ്യക്തികൾക്ക് മറിച്ച് വിറ്റത് സംബന്ധിച്ച് മുൻ ഹൗസിംഗ് ഫെഡറേഷൻ ചെയർമാനെതിരെ സംസ്ഥാന പോലീസ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത അന്വേഷണം വിജിലൻസ് വിഭാഗത്തിന്റെ ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് നടത്തുന്നത് എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വിജിലൻസ് അന്വേഷണം നിർത്തി വയ്ക്കാൻ ഗവൺമെന്റ് ഏതെങ്കിലും നിർദ്ദേശം വിജിലൻസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ വിജിലൻസ് അന്വേഷണം നടത്താൻ സമയപരിധി നിശ്ചിയിച്ചിരുന്നോ ; എങ്കിൽ ഈ സമയപരിധി അവസാനിച്ചോയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് ഇതുവരെ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) പോലീസ് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് പ്രസ്തുത അന്വേഷണം നടത്തുന്നത്.

(സി) നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) വിജിലൻസ് അന്വേഷണം പൂർത്തിയാക്കുന്നതിന് മൂന്നു മാസത്തെ സമയപരിധിയാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ സമയപരിധി അവസാനിച്ചു. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട അന്വേഷണോദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) അന്വേഷണം പുരോഗമിച്ചു വരുന്ന സാഹചര്യത്തിൽ വിജിലൻസ് അന്വേഷണം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടി

50 (2166) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അനുമതി ഇക്കാര്യത്തിൽ തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly